(ഡി) വിജിലൻസ് കേസ്സിൽ പ്രതിയായിട്ടുള്ളവരെയോ അന്വേഷണം നേരിടുന്നവരെയോ നിയമനത്തിനായി വിജിലൻസ് ബ്യൂറോ ശുപാർശ ചെയ്യാറില്ല.

(ഇ),(എഫ്)&(ജി) വിജിലൻസ് കേസ്സിൽ (വി.സി.) പ്രതിയായിട്ടുള്ളവരോ വിജിലൻസ് അന്വേഷണം (വി.ഇ.) നേരിടുന്നവരോ ആയ പോലീസ് സൂപ്രണ്ടുമുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർ ആരും തന്നെ ഇപ്പോൾ ഈ ബ്യൂറോയിൽ ജോലി നോക്കുന്നില്ല. എന്നാൽ ഒരു ഔമപരാതിയുടെ അടിസ്ഥാനത്തിൽ ഒരു ഉദ്യോഗസ്ഥനെതിരെ ഒരു രഹസ്യാന്വേഷണം (കോൺഫിഡൻഷ്യൽ വെരിഫിക്കേഷൻ)നടന്നുവരുന്നു. കോൺഫിഡൻഷ്യൽ വെരിഫിക്കേഷൻ ഒരു വിജിലൻസ് അന്വേഷണമായി കണക്കാക്കുന്നതല്ല. ഇതിന്റെ രഹസ്യ സ്വഭാവം പരിഗണിച്ച് പേരുവിവരം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

82 (1442) ഫ്ളൈയിംഗ് സ്കാഡിന്റെ പ്രവർത്തനം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മുൻസിപ്പാലിറ്റിയിൽ കേരള പോലീസിന്റെ 'ഫ്ളൈയിംഗ് സ്കാഡ്' പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

കൊയിലാണ്ടി ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മുൻസിപ്പൽ ആസ്ഥാനങ്ങളിലും 'ഫ്ളൈയിംഗ് സ്കാഡ്' സംവിധാനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും, ഇതിന്റെ ആദ്യപടിയായി നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുമാണ്.

83 (1443) മുനിസിപ്പൽ പ്രദേശങ്ങളിൽ ഫ്ളയിംഗ് സ്കാഡ് രൂപീകരണം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ സേവനം കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും ഫ്ളയിംഗ് സ്കാഡ് രൂപീകരിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികളിലാണ് ഇത് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, നെടുമങ്ങാട് ആറ്റിങ്ങൽ എന്നീ മുനിസിപ്പാലിറ്റികളിൽ ഫ്ളയിംഗ് സ്കാഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; തീർത്ഥാടനകേന്ദ്രവും വിനോദസഞ്ചാരകേന്ദ്രവുമായ വർക്കല മുനിസിപ്പാലിറ്റിയിൽ ഈ സംവിധാനം ആരംഭിച്ചിട്ടില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly